# 84. യൂക്കാലിപ്റ്റസ്

വനങ്ങൾ വെട്ടി നശിപ്പിച്ചാൽ രാജ്യം മരുഭൂമിയായി മാറുമെന്ന ബോധം ഭാഗ്യവശാൽ ഇന്ത്യയിൽ ഉളവായിക്കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യവനവൽക്കരണം (സോഷ്യൽ ഫോറസ്ട്രി) എന്ന പേരിൽ, സാധിക്കുന്ന സ്ഥലത്തെല്ലാം മരം നട്ടുപിടിപ്പിക്കുന്നതിനു് കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറും ശ്രമം തുടങ്ങിയിട്ടുമുണ്ട്. ഈ ശ്രമം ഉദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മമൂലം പ്രദർശനാത്മകവും ദുർവ്യയഹേതുവുമായി തീരുന്നതിനുള്ള ഉദാഹരണങ്ങളാണ് നാഷണൽ ഹൈവേയുടെ വക്കത്തു് ഇഷ്ടികകൊണ്ടും കരിങ്കല്ലുകൊണ്ടും മുള്ളുകമ്പികൊണ്ടും നിർമ്മിച്ചിട്ടുള്ള മരക്കൂടുകൾ. നിർമ്മിച്ചു് ഏതാനും ദിവസങ്ങൾക്കകം ഇവ എങ്ങനെയോ തകർന്നുപോകുന്നു. തകരാതെ നിലനിൽക്കുന്നവയ്ക്കകത്തു് മരത്തൈകൾ കാണുന്നതു് അപൂർവ്വം. പുറമ്പോക്കുകളിൽ പാർക്കുന്ന പാവങ്ങളുടെ ഒരു കുടിലിനു് ചെലവാക്കിയതിലേറെ പണം ഈ മരക്കൂടുകളിലോരോന്നിനും വേണ്ടി സർക്കാർ ചെലവഴിച്ചിട്ടുണ്ടെന്നു കരുതാം. ഇതു് വനവൽക്കരണമല്ല, പൊതുധനവിധ്വംസനമാണ്.

സാമൂഹ്യവനവൽക്കരണത്തോടനുബന്ധിച്ച് കോടിക്കണക്കിനു മരത്തൈകൾ വനംവകുപ്പുകാർ വളർത്തി സർക്കാർഭൂമികളിൽ സ്വയം നടുകയോ സ്വകാര്യഭൂമികളിൽ നടാൻ നാട്ടുകാർക്കു കൊടുക്കുകയോ ചെയ്യുന്നുണ്ട്. ഇങ്ങനെ കൊടുക്കുന്നതധികവും യൂക്കാലിപ്റ്റസ് മരത്തിൻെറ തൈകളാണ്. ആസ്ട്രേലിയയിലെ ഒരു പട്ടമരമാണ് യൂക്കാലിപ്റ്റസ്. ആ ഭൂഖണ്ഡത്തിലെ വനങ്ങളിൽ തൊണ്ണൂറുശതമാനത്തിലും പലതരം യൂക്കാലിപ്റ്റസ് വൃക്ഷങ്ങളാണുള്ളതു്. ഇതിനർത്ഥം, മററു വൃക്ഷങ്ങളെ നശിപ്പിക്കാനുള്ള കഴിവ് ഈ മരത്തിനുണ്ടെന്നാകുന്നു. ചെറിയ ചെടികൾപോലും യൂക്കാലിപ്റ്റസിനു കീഴിൽ വളരുകയില്ല. അതേസമയം മരുഭൂമി മുതൽ ചതുപ്പുനിലംവരെ എവിടെയും യൂക്കാലിപ്റ്റസ് വളരുകയുംചെയ്യും. മരങ്ങൾക്കിടയിലെ കളയാണ് യൂക്കാലിപ്റ്റസ്.

വെള്ളം കിട്ടുന്ന സ്ഥലങ്ങളിൽ യൂക്കാലിപ്റ്റസ് മററു മരങ്ങളേക്കാൾ കൂടുതൽ വെള്ളം ഉപയോഗിക്കുമെന്നു തെളിഞ്ഞിട്ടുള്ളതായി കുന്നൂരിലെ യൂക്കാലിപ്റ്റസ് ഗവേഷണകേന്ദ്രത്തിലെ ഡെപ്യൂട്ടി കൺസർവേററർ ശ്രീ ആർ. എം. റായ് പറയുന്നു. (ഹിന്ദു, സെപ്റ്റംബർ 3) നീലഗിരിയിൽ യൂക്കാലിപ്റ്റസ് നട്ടപ്പോൾ, അവയ്ക്കടുത്തുള്ള പല അരുവികളും വററിപ്പോയി എന്നും അദ്ദേഹം സമ്മതിക്കുന്നുണ്ട്. അടിക്കാടുകൾ നഷ്ടപ്പെട്ടതും, യൂക്കാലിപ്റ്റസ് മരങ്ങളുടെ ഇലകൾ വാററി തൈലം എടുക്കാനും കത്തിക്കാനും ജനങ്ങൾ ഉപയോഗിച്ചതുമൂലമാണ് ഇതു സംഭവിച്ചതെന്ന് അദ്ദേഹം പറയുന്നു. യൂക്കാലിപ്റ്റസ് ഉള്ള സ്ഥലങ്ങളിൽ ഭൂമിക്കടിയിലെ ജലവിതാനം വളരെ ആഴത്തിലേക്കു പോകും എന്ന് അദ്ദേഹംതന്നെ പറയുന്നു. ഇതിൻെറ ഫലമായി അടുത്തുള്ള കിണറുകൾ വററുകയുംചെയ്യും. 'സമ്പന്നങ്ങളായ സ്വാഭാവിക വനങ്ങൾക്കു പകരം യൂക്കാലിപ്റ്റസ് നട്ടുവളർത്താൻ എനിക്കു് ഇഷ്ടമില്ല' എന്നും ശ്രീ റായ് പറയുന്നുണ്ട്. പക്ഷേ, തരിശുനിലങ്ങളിൽ യൂക്കാലിപ്റ്റസ് നടാമെന്നാണ് ശ്രീ റായിയുടെ പക്ഷം.

'ചിപ്കോ' എന്ന വനസംരക്ഷണപ്രസ്ഥാനത്തിലൂടെ ലോകപ്രസിദ്ധി നേടിയ ശ്രീ സുന്ദർലാൽ ബഹുഗുണ ഇന്ത്യയിൽ യൂക്കാലിപ്റ്റസ്

കൃഷി ഉടൻ നിരോധിക്കണമെന്ന അഭിപ്രായക്കാരനാണ്. ആഗസ്റ്റ് 18-ാം തീയതി എഴുതിയ ഒരു ലേഖനത്തിൽ അദ്ദേഹം പറയുന്നു.

'മരം നടാൻ രാജ്യമൊട്ടാകെ നടക്കുന്ന ബൃഹത്പ്രസ്ഥാനം യൂക്കാലിപ്റ്റസ് നടാനുള്ള ഒരു പ്രസ്ഥാനമായി മാറിയിരിക്കുന്നു. സാമൂഹ്യവനവല്ക്കരണത്തിന്റെ പേരിൽ വനംവകുപ്പിന്റെ നഴ്സറികളിലൂടെ വിതരണംചെയ്ത തൈകളിൽ, പടിഞ്ഞാറൻ ബംഗാളിലൊഴികെ മററിടങ്ങളിലെല്ലാം എൺപതു ശതമാനമെങ്കിലും യൂക്കാലിപ്റ്റസ് തൈകളായിരുന്നു എന്ന് വനംവകുപ്പുദ്യോഗസ്ഥന്മാർ സമ്മതിക്കുന്നു. കഴിഞ്ഞ ഒക്ടോബറിൽ വനംവകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ പ്രധാനമന്ത്രി, ഒരൊററ മരംമാത്രം നട്ടുവളർത്തുന്നതിന്റെ (മോണോ കൾച്ചറിന്റെ) വിപത്തുകൾ ചൂണ്ടിക്കാണിക്കുകയും, എല്ലായിടത്തും നാട്ടുമരങ്ങൾ നട്ടുവളർത്താൻ ഉപദേശിക്കുകയുംചെയ്തു. ഇതിനെപ്പററി ഞാൻ പറഞ്ഞപ്പോൾ വനംവകുപ്പുദ്യോഗസ്ഥന്മാരുടെ മറുപടി ഇങ്ങനെയായിരുന്നു. 'കാട്ടിൽ ഞങ്ങൾ യൂക്കാലിപ്റ്റസ് നടുന്നില്ല. കൃഷിക്കാർ സ്വകാര്യഭൂമികളിലാണ് യൂക്കാലിപ്റ്റസ് നടുന്നതു്. യൂക്കാലിപ്റ്റസ് തൈകൾക്ക് പിടിച്ചുപറിയാണ്; കൃഷിക്കാരുടെ ആവശ്യം നിറവേററാൻ ഞങ്ങൾക്കു കഴിയുന്നില്ല' ഒരു വനം കൺസർവേററർ ആഹ്ലാദത്തോടെ പറഞ്ഞു: 'കഴിഞ്ഞ ആണ്ടിൽ ഞാൻ രണ്ടുകോടി യൂക്കാലിപ്റ്റസ് തൈകൾ വിതരണംചെയ്തു. ഈയാണ്ടിൽ എട്ടുകോടി തൈകൾ വളർത്തിയിട്ടുണ്ട്.'

'യൂക്കാലിപ്റ്റസ് വേഗം വളരും. കന്നുകാലികൾ അതു തിന്നുകയില്ല....തരിശുകളിൽ മാത്രമല്ല, കരിമ്പും, ഗോതമ്പും, നെല്ലും കൃഷിചെയ്തിരുന്ന ജലസേചനമുള്ള വയലുകളിൽക്കൂടി ഇപ്പോൾ അതു നട്ടുവളർത്തുന്നു. ഇന്ത്യയിലാകെ വൻകിട കർഷകർ കൃഷിഭൂമികളിൽ യൂക്കാലിപ്റ്റസ് നട്ടിരിക്കുന്നതു് ഇപ്പോൾ കാണാം. പഞ്ചാബ്, ഹരിയാന, പടിഞ്ഞാറൻ യു. പി., ആന്ധ്രാപ്രദേശ്, ഗുജറാത്ത്, കർണാടകം എന്നീ സ്റ്റേററുകളിൽ യൂക്കാലിപ്റ്റസ് കൃഷി വ്യാപകമായിക്കഴിഞ്ഞു. വനംവകുപ്പുകാർ സൗജന്യമായോ നാമമാത്രവിലയ്ക്കോ തൈകൾ നൽകുന്നു; കടലാസ്–റയോൺ കമ്പനികൾ പ്രോൽസാഹനം നൽകി ഈ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നു.

'ഉത്തർപ്രദേശിലെ തരായി(ഹിമാലയത്താഴ്വര)യിൽ കാടുകൾ വെട്ടി വലിയതോതിൽ യൂക്കാലിപ്റ്റസ് വളർത്തിയിട്ടുണ്ട്. ഇവിടങ്ങളിലെ തഴക്കംവന്ന വനംവകുപ്പുദ്യോഗസ്ഥന്മാർ, യൂക്കാലിപ്റ്റസ് മരങ്ങൾമൂലം ഭൂഗർഭജലത്തിനു സംഭവിക്കുന്ന ഹാനിയെപ്പററി 1975-ൽ തന്നെ എന്നോടു പറഞ്ഞിരുന്നു. യൂക്കാലിപ്റ്റസിന്റെ ചില തരങ്ങൾ മാത്രമേ കണക്കററ് ഭൂഗർഭജലം വലിച്ചെടുക്കുന്നുള്ളു എന്നാണ് ഡേഹ്റാഡൂണിലെ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിററ്യൂട്ടിലെ വിദഗ്ധർ പറയുന്നതു്. എന്നാൽ, സഹാറാ യൂണിവേഴ്സിററിയിൽ ഇതു സംബന്ധിച്ചു നടന്ന പഠനങ്ങളെ ആസ്പദമാക്കി ലോകപ്രസിദ്ധ വനശാസ്ത്രജ്ഞനായിരുന്ന പരേതനായ ബാർബ് ബെയ്ക്കർ പറഞ്ഞിട്ടുള്ളതു്, ഒരൊററ യൂക്കാലിപ്റ്റസ് മരം ഓരോ ദിവസവും എൺപതു ഗാലൻ വെള്ളം മണ്ണിൽനിന്നു വലിച്ചെടുത്ത് ഇലകളിലൂടെ വായുവിലേക്കു വിടുന്നുണ്ടെന്നാണ്. ചതുപ്പുനിലങ്ങളിലോ മരുഭൂമികളിലോ അല്ലാതെ മററു നിലങ്ങളിൽ യൂക്കാലിപ്റ്റസ് വളർത്തിക്കൂടെന്ന് അദ്ദേഹം ഉപദേശിച്ചിട്ടുമുണ്ട്.

'തമിഴ്നാട്ടിലും കർണാടകത്തിലും നടത്തിയ പഠനങ്ങൾ, ഗ്രാമീണ സമ്പദ്ഘടനയിലും പരിഃസ്ഥിതിയിലും യൂക്കാലിപ്റ്റസ് വരുത്തിത്തീർക്കുന്ന തകരാറുകളിലേക്കു വെളിച്ചം വീശുന്നുണ്ട്. കൃഷി

ഭൂമിയിൽ യൂക്കാലിപ്ററസ് നടുമ്പോൾ പാവങ്ങൾക്കു പണിയില്ലാതാകുന്നു; അവർക്കു ഭക്ഷ്യധാന്യങ്ങൾ കിട്ടാതാകുന്നു: കന്നുകാലികൾക്കു തീററ കിട്ടാതാകുന്നു, പക്ഷികൾക്ക് പാർപ്പിടം നഷ്ടപ്പെടുന്നു.

'കർണാടകത്തിൽ കോളാർ—തുംകൂർ ജില്ലകൾക്ക് അടുത്തുള്ള പ്രദേശങ്ങളിലെ കർഷകർ 1983 ആഗസ്റ്റ് 10 മുതൽ 15 വരെയുള്ള അഞ്ചു ദിവസങ്ങളിൽ ഗവണ്മെൻറ്നഴ്സറികളിൽനിന്നു് ഒരുകോടിയിലേറെ യൂക്കാലിപ്ററസ് തൈകൾ പിഴുതു നശിപ്പിച്ചു. യൂക്കാലിപ്ററസ് തൈകൾ വിതരണംചെയ്യുന്നതുവഴി വനംവകുപ്പുദ്യോഗസ്ഥന്മാർ പരിതഃസ്ഥിതിക്കു വിനാശം വരുത്തുന്നതിനെതിരായ കർഷകരുടെ പ്രസ്ഥാനത്തിൻെറ ആദ്യപടിയായിരുന്നു ഇതു്. അവർ ഘോഷയാത്രയായി നഴ്സറികളിൽച്ചെന്നു് പ്ലാസ്റ്റിക്സഞ്ചികളിൽ നട്ടിരുന്ന തൈകൾ വലിച്ചെടുത്തു്; പകരം ആ സഞ്ചികളിൽ ഓരോ പുളിങ്കുരു നട്ടു. തങ്ങളുടെ കൃഷിയിടങ്ങളിൽ യൂക്കാലിപ്ററസ് തൈകൾ നട്ടിരുന്ന വൻകിട കർഷകരോട് അവ വലിച്ചുകളയാൻ അവർ ആവശ്യപ്പെട്ടു.

'ഈ പ്രസ്ഥാനം അതിവേഗം വ്യാപിക്കുകയാണ്. കോളാർജില്ലയിലെ തൊണ്ടേഭാവി താലൂക്കിൽ പൊതുനിലത്തു് ആയിരം ഏക്കറിൽ നട്ടിരുന്ന യൂക്കാലിപ്ററസ് തൈകൾ കൃഷിക്കാർ പറിച്ചുകളഞ്ഞു. യൂക്കാലിപ്ററസിനെതിരായ കർഷകസമരം ഗുബ്ബി, സിറാ എന്നീ താലൂക്കുകളിലും നടന്നു. സിറാ താലൂക്കിൽ പതിനഞ്ചുലക്ഷം തൈകൾ നശിപ്പിക്കപ്പെട്ടു. യൂക്കാലിപ്ററസ് പ്രചരിപ്പിക്കുന്നതു നിർത്തിവെച്ചില്ലെങ്കിൽ ഈ കർഷകപ്രക്ഷോഭണം ഇനിയും വ്യാപിക്കും. അതൊരു ക്രമസമാധാനപ്രശ്നമായിത്തീരും.

'യൂക്കാലിപ്ററസിനോടു മാത്രമേ തങ്ങൾക്ക് എതിർപ്പുള്ളു എന്നും മററുതരം മരങ്ങൾ നടുന്നതിനു് തങ്ങൾ അനുകൂലമാണെന്നും കർഷകർ വ്യക്തമാക്കിയിട്ടുണ്ട്. കർണാടക ഫാർമേഴ്സ് അസ്സോസിയേഷനാണ് ഈ പ്രക്ഷോഭം നടത്തുന്നതു്. ഒരു ഹെക്ടറിൽ താഴെ ഭൂമി മാത്രമുള്ള കർഷകരാണ് ഈ സംഘടനയിലെ അംഗങ്ങൾ. നിലനില്പിനു് അവർക്ക് ഭൂമി മാത്രമാണ് ആശ്രയം. മനുഷ്യവർഗ്ഗത്തിൻെറ അടിസ്ഥാനമൂലധനമായ മണ്ണിൻെറ ഫലപുഷ്ടിയും വെള്ളവും അവക്ക് വിലപ്പെട്ടവയാണ്.

വലിയ ലാഭംകിട്ടാനും തൊഴിലാളികളെ ഒഴിവാക്കാനുംവേണ്ടി സ്വന്തം കൃഷിയിടത്തിൽ യൂക്കാലിപ്ററസ് നടുന്ന വൻകിട കർഷകർ മണ്ണിൻെറ ഫലപുഷ്ടി വിററു കാശാക്കുകയാണ് ചെയ്യുന്നതു്.... ബാംഗ്ലൂരിനടുത്തു് മണ്ടൂരിൽ 1800 ഏക്കർ വിസ്തീർണമുള്ള ഒരു യൂക്കാലിപ്ററസ് തോട്ടം (മററു പലരുമൊരുമിച്ച്) ഞാൻ ചെന്നുകണ്ടു. തോട്ടത്തിൽ അടിക്കാടുകൾ ഇല്ല. മണ്ണിൻെറ ഫലപുഷ്ടി നശിച്ചിരിക്കുന്നു. മണ്ണൊലിപ്പ് വർദ്ധിച്ചിട്ടുണ്ട്. വെള്ളം കുത്തിയൊലിച്ച ചാലുകൾ ധാരാളം. ഒരൊററ പക്ഷിയും അവിടെ ഉണ്ടായിരുന്നില്ല. ഇതേ പ്രദേശത്തു് കർഷകർ മുന്തിരിയും മററു വിളകളും കൃഷിചെയ്തുവരുന്നുണ്ട്. വനംവകുപ്പുകാർ മുളയും പുല്ലുകളും വളർത്തിയിരുന്ന സ്ഥലത്തുപോലും പക്ഷികളുടെ കളകളം ഞങ്ങൾക്കു കേൾക്കാമായിരുന്നു.

'പണം വാരിക്കൂട്ടുന്നതും പരിസരം മലിനപ്പെടുത്തുന്നതുമായ പൾപ്പ്, റെയോൺ മുതലായ വ്യവസായങ്ങൾക്ക് അസംസ്കൃതവിഭവങ്ങൾ ഉണ്ടാക്കി നൽകാൻവേണ്ടി നാം നമ്മുടെ നിലം ഉപയോഗിക്കണമോ? അതോ, ഭക്ഷണം, കാലിത്തീററ, വിറക്, ഇലവളം മുതലായവ നൽകി മണ്ണിൻെറ ഫലപുഷ്ടി വർദ്ധിപ്പിക്കുന്ന മററുതരം മരങ്ങൾ നട്ടുവളർത്തണമോ? പ്ലാനിങ് കമ്മീഷൻ മററ് ഉയർന്ന ഔദ്യോഗിക വൃത്തങ്ങളും ആലോചിച്ചു നയപരമായി തീരുമാനം അടിയന്തരമായി കൈക്കൊള്ളേണ്ട ഒരു വിഷയമാണ് ഇതു്.

'കൃഷിയിടങ്ങളിൽ യൂക്കാലിപ്റ്റസ് നടുന്നതു് ഉടൻ നിരോധിക്കണമെന്നാണു് എന്റെ അഭിപ്രായം. സാമൂഹ്യ വനവത്കരണ പരിപാടിയിൽപ്പെടുത്തി യൂക്കാലിപ്റ്റസ് കൃഷിചെയ്യുന്നതു് ഗവണ്മെന്റ് പ്രോത്സാഹിപ്പിക്കരുതു്. ഭക്ഷണം, കാലിത്തീറ്റ, വിറകു്, ഇലവളം, നാരുകൾ എന്നിവ, ആ മുൻഗണനാക്രമത്തിൽ നൽകുന്ന വൃക്ഷങ്ങൾ നട്ടുവളർത്തുകയാവണം സാമൂഹ്യവനവത്കരണത്തിന്റെ ലക്ഷ്യം.'

യൂക്കാലിപ്റ്റസ്കൃഷി നിരോധിക്കാനും, യൂക്കാലിപ്റ്റസ് തൈകളുടെ വിതരണം അവസാനിപ്പിക്കാനും, മണ്ണിന്റെ ഫലപുഷ്ടിയും ഭൂഗർഭജലവിതാനവും നിലനിർത്തുന്ന പ്രയോജനകരങ്ങളായ മരങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രസ്ഥാനമായി സാമൂഹ്യവനവത്കരണപരിപാടിയെ മാറ്റിയെടുക്കാനുള്ള ഒരു പ്രസ്ഥാനം കേരളത്തിൽ ആരംഭിക്കാൻ വൈകി.

2 ഒക്ടോബർ, 1983

## 85. കണ്ടൽ

നമ്മുടെ പുഴകളുടെയും കായലുകളുടെയും കടലിന്റെയും വക്കിലെ ചതുപ്പുകളിൽ കരയിൽനിന്നു വെള്ളത്തിലേക്കു നീണ്ടുനീണ്ടുപോകുന്ന കൊമ്പുകളിൽനിന്നു് താഴ്ന്നു തൂങ്ങിയിറങ്ങുന്ന കെട്ടുപിണഞ്ഞ വേരുകളുമായി കാടുകെട്ടിനിൽക്കുന്ന കണ്ടൽമരങ്ങളെ (ഇംഗ്ലീഷിൽ മാൻഗ്രോവ്) എത്ര പേർ ശ്രദ്ധിച്ചിരിക്കും? ഉണങ്ങിയാൽ കഷ്ടിച്ച് കത്തിക്കാമെന്നല്ലാതെ കണ്ടലിനു് വേറെ എന്തെങ്കിലും ഉപയോഗമുള്ളതായി ആരും പറഞ്ഞു കേട്ടിട്ടില്ല. കണ്ടൽത്തൊലി തോൽ ഊറയ്ക്കിടുന്നതിനു് ഉപയോഗിക്കാമത്രേ. ആവോ! ഈയിടെ വായിച്ച ഒരു ലേഖനത്തിൽ, കണ്ടലിന്റെ ചില്ലകൾ കാലിത്തീറ്റയായി ഉപയോഗപ്പെടുത്താമെന്നും, ഇലകൊണ്ടു് സലാഡ് ഉണ്ടാക്കി മനുഷ്യർക്കു ഭക്ഷിക്കാമെന്നും, പാകിസ്ഥാനിലെ ജിപ്സികളും മറ്റു് നാടോടിവർഗക്കാരും കണ്ടലിലകളിൽനിന്നു് ഒരു ത്വഗ്രോഗൗഷധം നിർമിക്കുന്നുണ്ടെന്നും വായിച്ചു.

ഞാൻ പണ്ടേ കണ്ടൽമരങ്ങളുടെ ഒരു ആരാധകനാണു്. ലക്ഷദ്വീപുകളിൽപ്പെട്ട മിനിക്കോയ് ദ്വീപിലാണു്, മുപ്പതു വർഷംമുമ്പു്, വലിയ കണ്ടൽക്കാടുകൾ ഞാൻ ആദ്യമായി കണ്ടതു്. ആഴക്കടലിനു നടുക്കു്, ബലം കുറഞ്ഞ പവിഴപ്പാറകളിൽ മണൽ അടിഞ്ഞു് രൂപംകൊണ്ട ആ ദ്വീപിനെ, ആഞ്ഞടിക്കുന്ന കാലവർഷത്തിരകളിൽ അലിഞ്ഞുപോകാതെ കാക്കുന്നതു് ഈ മരങ്ങൾ ആണെന്ന വസ്തുത പ്രകടമായിരുന്നു. കേരളക്കരയിലെ കടലാക്രമണം തടയാൻ എന്തുകൊണ്ടു് ഈ മരങ്ങളെ കടൽത്തീരത്തു നട്ടുവളർത്തിക്കൂടാ? കരിങ്കൽ ബ്ഭിത്തികെട്ടി നമ്മുടെ തീരപ്രദേശം മുഴുവൻ സംരക്ഷിക്കുക അസാധ്യംതന്നെയാണു്. ഒരിടത്തു് കുറെദൂരം ഭിത്തി കെട്ടിയാൽ, ഭിത്തിയുടെ തെക്കുവശത്തുകൂടി കടൽക്കരയിലേക്കു കടക്കും. ഏതാനും വർഷങ്ങൾ കഴിയുമ്പോഴേക്കു് ഭിത്തി മുഴുവൻ കടലിൽ താഴുകയുംചെയ്യും. പലേടത്തും ഈ പ്രക്രിയ നാം ആവർത്തിച്ചു കണ്ടിട്ടുള്ളതാണു്. കൺട്രാക്ടർമാരുടെ (ചിലപ്പോൾ എൻജിനീയർമാരുടെയും) കീശ വീർപ്പിക്കാനേ കടൽബ്ഭിത്തിനിർമാണം ഇന്ത്യയിൽ ഉപകരിച്ചിട്ടുള്ളു. കരയ്ക്കു പ്രകൃതി നൽകുന്ന സംരക്ഷണം സസ്യാവരണമാണു്. കണ്ടലും കൈതയും മാത്രമേ കേരളതീരത്തെ കടലാക്രമണത്തിൽനിന്നു സംരക്ഷിക്കുകയുള്ളു. കണ്ടൽമരങ്ങൾ വളരുന്ന മണ്ണു്, ഏതാനും